"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്-വനം വകുപ്പിൽ ഇടുക്കി സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ. പി.കെ വിപിൻ ദാസിനു പലിശ രഹിത വായ്പ അനുവദിച്ച- ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യ ജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.325/2021/വനം തീയതി,തിരുവനന്തപുരം, 11/10/2021.

പരാമർശം:-
1. ജി.ഒ(പി) നം.45/1997/ ആ.ക.വ. തീയതി-18/02/1997
2. ജി.ഒ(പി) നം.285/2000/ ആ.ക.വ. തീയതി-02/11/2000.
3. ജി.ഒ(പി) നം.298/2001/ ആ.ക.വ. തീയതി-20/11/2001.
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം)-ന്റെ 12.08.2021 തീയതിയിലെ എച്ച്2-2549/2021 നമ്പർ കത്ത്.

ഉത്തരവ്

വനം വകുപ്പിൽ ഇടുക്കി സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ. പി.കെ വിപിൻ ദാസിന്റെ കിഡ്നി മാറ്റി വയ്ക്കൽ ശാസ്ത്രക്രിയക്കും തുടർ ചികിത്സക്കുമായി കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ചികിത്സക്ക് 8,50,000/-രൂപ (എട്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പലിശ രഹിത വായ്പ അനുവദിക്കുന്നതിനായുള്ള ടിയാന്റെ അപേക്ഷയും, ബന്ധപ്പെട്ട ചികിൽസാ രേഖകളും, ഉൾപ്പടെ, ശിപാർശ സഹിതം, പരാമർശം (4) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം) സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വനം വകുപ്പിൽ ഇടുക്കി സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ആയ ശ്രീ. പി. കെ. വിപിൻ ദാസിനു (ജനനത്തീയതി-8.10.1981, പെൻ നം.-626955). കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ Renal Transplantation ചികിൽസയ്ക്കായി 3,00,000/- (മൂന്ന് ലക്ഷം രൂപ മാത്രം) പലിശരഹിത ചികിൽസാ വായ്പ അനുവദിക്കുന്നതിനു, പരാമർശം (1), (2), (3) ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി, അനുമതി നൽകി ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95(01)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

3. ഇപ്രകാരം അനുവദിച്ച 3,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ, ശ്രീ. പി. കെ. വിപിൻ ദാസ് സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകന് നൽകുന്നതുമാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ചികിൽസയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ ടി തുക ട്രഷറിയിൽ ഒടുക്കിയ ചെലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും.

പലിശരഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 6 മാസത്തിനകം ക്രമപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം 12% നിരക്കിൽ പിഴപ്പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ, വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. കൂടാതെ, മേപ്പടി പലിശരഹിത ചികിൽസാവായ്പ ക്രമീകരിക്കുന്നതിനായി സമർപ്പിക്കുന്ന ബില്ലുകളിൽ പലിശരഹിത ചികിൽസാവായ്പാ അപേക്ഷ സമർപ്പിച്ചതിന് ശേഷമുള്ള ചികിൽസയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Manoj K

അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം), തിരുവനന്തപുരം.(അപേക്ഷ സഹിതം).

ശ്രീ. പി കെ വിപിൻ ദാസ്(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം,തിരുവനന്തപുരം.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്( ജി2/1197/2021/ആ.ക.വ തിയതി 17.09.2021 പ്രകാരം).

ധനകാര്യ വകുപ്പ്(ലോൺസ് എൽ3/282/2021/ധന,തീയതി 30.09.2021 പ്രകാരം).

വെബ്&ന്യൂ മീഡിയ.

ഉത്തരവിൻ പ്രകാരം

Noushad.S

സെക്ഷൻ ഓഫീസർ.